പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.248 10.12.2018-ലെ മറുപടിക്ക്

## 'ഭൂപരിഷ്കരണ നിയമ പ്രകാരം ഇളവ് ലഭിച്ച തോട്ടങ്ങൾ'

**ചോദ്യം**

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

,, പി.കെ.ബഷീർ

,, പാറക്കൽ അബ്ദുല്ല

,, എം.ഉമ്മർ

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭൂപരിഷ്കരണ നിയമ പ്രകാരം ഇളവ് ലഭിച്ച തോട്ടങ്ങളിൽ ക്വാറികൾ പ്രവർത്തിക്കുന്നത് നിയമ വിരുദ്ധമാണെന്നും ഇത്തരം ഭൂമി സർക്കാർ ഏറ്റെടുക്കണമെന്നും ഹൈക്കോടതി വിധി പ്രസ്താവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ബഹു.കേരള ഹൈക്കോടതിയുടെ 16/11/2018-ലെ WP(C) 17384/17, 18246/17 എന്നിവയിലെ ഫുൾ ബഞ്ചിന്റെ ഉത്തരവ് പ്രകാരം ഒഴിവ് ലഭിച്ച ഭൂമിയിൽ ഏതെങ്കിലും ഭാഗത്ത് ധാതു ഖനനം, പാറ ഖനനം നടത്തുന്നത് കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള ഒഴിവിന് ആസ്പദമായ ഒരു വാണിജ്യ ഇടമായി കണക്കാക്കാനാകില്ലെന്നും, ഭൂപരിധിയിൽ നിന്ന് ലഭിച്ച ഒഴിവാക്കലിനുള്ള അർഹത നഷ്ടപ്പെടുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അതായത് തോട്ടഭൂമിയായി ഒഴിവ് കിട്ടിയ ഭൂമി ക്വാറി പ്രവർത്തിക്കുന്നതിന് ധാതു ഖനനത്തിന് തരം മാറ്റാൻ പാടില്ലാത്തതും അപ്രകാരമുള്ള ഏതെങ്കിലും ഭൂമി തരം മാറ്റിയിട്ടുണ്ടെങ്കിൽ അതിന് നേരത്തെ കിട്ടിയ ഒഴിവിനുള്ള അർഹത നഷ്ടപ്പെടുന്നതാണ് എന്നതാണ് ബഹു. ഹൈക്കോടതി വിധി. |
| (ബി) | ഇത്തരം തോട്ടങ്ങൾ കണ്ടെത്തി മിച്ച ഭൂമിയായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | തോട്ടഭൂമിയായി ഒഴിവ് കിട്ടിയ ഭൂമി ക്വാറി പ്രവർത്തിക്കുന്നതിന് തരം മാറ്റാൻ പാടില്ലാത്തതും അപ്രകാരം ഏതെങ്കിലും തോട്ടഭൂമികൾ തരം മാറ്റിയിട്ടുണ്ടെങ്കിൽ അതിന് നേരത്തെ കിട്ടിയ ഒഴിവിനുള്ള അർഹത നഷ്ടപ്പെടുന്നതുമാണ്. ഇപ്രകാരം ഒഴിവ് കിട്ടിയ ഭൂമിയിൽ ക്വാറീയിംഗ് പ്രവർത്തനം നടത്തുന്നുണ്ടോയെന്ന് പരിശോധിച്ച് കേരള ഭൂപരിഷ്കരണ നിയമ പ്രകാരം അടിയന്തര തുടർ നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 87(1) വിശദീകരണം II അനുസരിച്ച് ഒഴിവ് അനുവദിച്ച ഭൂമി തരം മാറ്റിയതായി ബോധ്യപ്പെടുന്ന നിമിഷം ഒഴിവ് നൽകിയ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥയുടെ ലംഘനമായി കണ്ട് ആർക്കാണോ ഒഴിവ് അനുവദിച്ചത് അവരുടെ പേരിൽ 01/01/1970-ന് ശേഷം ആർജ്ജിക്കപ്പെട്ട ഭൂമിയായി പരിഗണിച്ച് പുതിയ ഭൂപരിധി കേസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**